(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാന ജീവനക്കാരുടെ ശമ്പളച്ചെലവ്

10. [13] ശ്രീ. എ. സി. ഷൺമുഖദാസ്:

,, ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ എത്ര ശതമാനമാണ് സർക്കാർ ജീവനക്കാരുടെ ശമ്പളമിനത്തിൽ ചെലവിടുന്നതായി കണക്കാക്കിയിട്ടുള്ളത്;

(ബി) ഇതിൽ അദ്ധ്യാപകരുടേയും വിദ്യാഭ്യാസ വകുപ്പിലെ മറ്റ് ജീവനക്കാരുടേയും ശമ്പളച്ചെലവ് എത്ര ശതമാനം;

(സി) പോലീസ് വകുപ്പിലെ ജീവനക്കാരുടെ മൊത്ത ശമ്പള ച്ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ആകെ എത്ര ജി. ഒ. മാരുണ്ട്, എത്ര എൻ. ജി. ഒ. മാരുണ്ട്;

(ഇ) ശമ്പള പരിഷ്കരണം നടപ്പിലാക്കിയപ്പോൾ സംസ്ഥാന ത്തിന്റെ വരുമാനത്തിന്റെ എത്ര ശതമാനം ശമ്പളമിനത്തിൽ ചെലവാകുന്നുണ്ട്?

ഉത്തരം

(എ) സർക്കാർ ജീവനക്കാർക്ക് ശമ്പളവും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ടീച്ചിംഗ് ഗ്രാന്റും കൂടി ഉള്ള ചെലവ് സംസ്ഥാന ത്തിന്റെ മാത്രം റവന്യൂ വരുമാനത്തിന്റെ 58 ശതമാനമാണ് 85-86 ലേക്ക് കണക്കാക്കിയിട്ടുള്ളത്.

(ബി) അദ്ധ്യാപകരുടേയും വിദ്യാഭ്യാസ വകുപ്പിലെ മറ്റ് ജീവന ക്കാരുടേയും ശമ്പളം (സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോളേജുകൾ, എൻജിനീയറിംഗ്, പോളിടെക്നിക്കുകൾ അടക്കം നൽകുന്ന ടീച്ചിംഗ് ഗ്രാന്റ് ഉൾപ്പെടെ) 85-86 ലേക്ക് കണക്കാക്കിയിട്ടുള്ള ചെലവ് മൊത്തം റവന്യൂ വരുമാനത്തിന്റെ 30.95 ശതമാനം ആണ്.

(സി) ഈ ഇനത്തിലുള്ള മൊത്ത ശമ്പളച്ചെലവ് കണക്കാക്കി യിട്ടുള്ളത് 37.13 കോടി രൂപയാണ്. ഇത് മൊത്തം റവന്യൂ വരുമാന ത്തിന്റെ 3.73 ശതമാനമാണ്.

(ഡി) സംസ്ഥാനത്ത് ആകെ ജീവനക്കാർ 4.28 ലക്ഷം ആണ്. ഇതിൽ ജി. ഒ. മാർ 0.22 ലക്ഷം; ബാക്കി വരുന്ന 4.06 ലക്ഷത്തിൽ എൻ. ജി. ഒ. മാരും സ്വകാര്യ സ്കൂൾ, കോളേജ് അദ്ധ്യാപകരും മറ്റ് ജീവനക്കാരും ഉൾപ്പെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ശമ്പള പരിഷ്കാരം നടപ്പിലാക്കുമ്പോൾ 80.00 കോടി രൂപാ ഒരു വർഷം ആവർത്തനച്ചെലവ് അധികമായി പ്രതീക്ഷിക്കുന്നു. ഇപ്രകാരമുള്ള അധികച്ചെലവും കൂടി കണക്കിലെടുക്കുമ്പോൾ ശമ്പളമിനത്തിൽ ഉള്ള മൊത്തച്ചെലവ് സംസ്ഥാനത്തിന്റെ റവന്യൂവരുമാനത്തിന്റെ 65 ശതമാനമാകും.

സർക്കാർ ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ച് നാലാം ശമ്പളക്കമ്മീഷന്റെ ശുപാർശകൾ

11. [14] ശ്രീ. സി. വാസുദേവമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ച് നാലാം ശമ്പളക്കമ്മീഷന്റെ ശുപാർശകൾ എന്തൊക്കെയാണ്;

(ബി) ഈ ശുപാർശകൾ നടപ്പിലാക്കാത്തതിന്റെ കാരണമെന്താണ്;

(സി) പുതിയ പെൻഷൻ വ്യവസ്ഥ എന്നത്തേയ്ക്ക് പ്രഖ്യാപിക്കും;

(ഡി) എന്നു മുതൽക്കാണ് പ്രാബല്യത്തിൽ വരുക?

ഉത്തരം

(എ) പെൻഷനെ സംബന്ധിച്ച് നാലാം ശമ്പളക്കമ്മീഷന്റെ പ്രധാനപ്പെട്ട ശുപാർശകൾ താഴെപ്പറയുന്നവയാണ്.

(1) പെൻഷൻകാരെ, പെൻഷൻ പറ്റിയ തീയതിയുടെ അടിസ്ഥാനത്തിൽ, ആറ് ഗ്രൂപ്പുകളായി തരംതിരിക്കുകയും, അവരുടെ അടിസ്ഥാന പെൻഷനിൽ അഞ്ചു ശതമാനം മുതൽ മുപ്പതു ശതമാനം വരെ വർദ്ധനവ് നിർദ്ദേശിക്കുകയും ചെയ്തു.

(2) പെൻഷൻകാർക്ക് ക്ഷാമബത്ത അനുവദിക്കേണ്ടതേ സർവ്വീസിൽ ഇരിക്കുന്നവർക്കുള്ള അതേ നിരക്കിലായിരിക്കണം.

(3) 1-7-1983 ൽ ക്ഷാമബത്ത കൂടാതെ ഏറ്റവും കുറഞ്ഞ അടിസ്ഥാന പെൻഷനും അടിസ്ഥാന കുടുംബ പെൻഷനും യഥാക്രമം 150 രൂപയായും; 120 രൂപയായും നിജപ്പെടുത്തുക.

(4) ആവറേജ് ഇമാല്യുമെന്റിന്റെ അൻപതു ശതമാനം ആയിരിക്കണം പെൻഷന് കണക്കിലെടുക്കേണ്ടത്.

(5) പെൻഷന് ഇന്ന് നിലവിലുള്ള പ്രതിമാസ പരിധി 1500 രൂപായിൽനിന്നും 1750 രൂപയായി വർദ്ധിപ്പിക്കുക.

(6) ഡെത്ത്-കം-റിട്ടയർമെന്റ് ഗ്രാറ്റുവിറ്റിയുടെ പരിധി 36,000 രൂപായിൽനിന്നും 45,000 രൂപായായി വർദ്ധിപ്പിക്കുക.

(7) ഉദാരമായ കുടുംബ പെൻഷൻ വ്യവസ്ഥ, 1964 ഏപ്രിൽ കന്നാം തീയതിക്ക് മുൻപ് റിട്ടയർ ചെയ്തവരുടെയും ആ പദ്ധതിയിൽ നിന്ന് മാറി നിന്നവരുടെയും കുടുംബങ്ങൾക്ക് ബാധകമാക്കുക.

(8) പെൻഷൻ കമ്മ്യൂട്ട് ചെയ്തഭാഗം പുനഃസ്ഥാപിക്കുന്നതിന് ഇന്നുള്ള 15 കൊല്ലം 12 കൊല്ലമായി കുറയ്ക്കുക.

LIBRARY ARCHIVES Kerala Legislative Assembly